# വചനസുമം

**വാല്യം 10 ✵ സെപ്തംബർ 2012 ✵ ലക്കം 9**





# പ്രസംഗം തയ്യാറാക്കിയവർ

**സെപ്തംബർ 2 : തേജസ്ക്കരണത്തിനുശേഷം 4 – ാം ഞായർ**

ബ്രദർ ജോൺ വിനോദ് ഒ. ഐ. സി.

**സെപ്തംബർ 9 : തേജസ്ക്കരണത്തിനുശേഷം 5 – ാം ഞായർ**

ഫാ. ഗീവർഗീസ് തിരുവാലിൽ ഒ. ഐ. സി.

**സെപ്തംബർ 16 : സ്ലീബാ പെരുന്നാളിനുശേഷം 1 – ാം ഞായർ**

ബ്രദർ പോൾ നവീൻ ഒ. ഐ. സി.

**സെപ്തംബർ 23 : സ്ലീബാ പെരുന്നാളിനുശേഷം 2 – ാം ഞായർ**

ബ്രദർ ജോൺ പുളിക്കൽ ഒ. ഐ. സി.

**സെപ്തംബർ 30 : സ്ലീബാ പെരുന്നാളിനുശേഷം 3 – ാം ഞായർ**

ബ്രദർ സുമിത്ത് നിക്കോളാസ് ഒ. ഐ. സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**

(For Private Circulation)

## സെപ്തംബർ 2 : തേജസ്ക്കരണത്തിനുശേഷം 4-ാം ഞായർ

ബ്രദർ ജോൺ വിനോദ് ഒ.ഐ.സി.

മത്താ 20:20-28; നിയമ 18:1-8; 2 ദിന 19:8-11; എസെ 47:1-9;
1 പത്രോ 4:1-11; ഫിലി 2:1-11; മർക്കോ 10:35-45

കർത്താവിന്റെ വഴി കുരിശുവരെ നീണ്ടു കിടക്കുന്നു. കർത്താവിന്റെ മഹത്വത്തിൽ അവിടുത്തോടൊന്നിച്ച് ഉണ്ടായിരിക്കണമെന്നാഗ്രഹിക്കുന്നവർ ആദ്യമായി അവിടുത്തെ സഹനത്തിൽ പങ്കുകൊള്ളുകയാണ് വേണ്ടത്. പിടിച്ചെടുക്കാനും വെട്ടിപ്പിടിക്കാനുമുള്ള ലോക പ്രവണതയ്ക്കെതിരെയുള്ള ഒരു പ്രബോധനമാണ് ഇന്നത്തെ സുവിശേഷ ഭാഗം. ജീവിതത്തിൽ ത്യാഗങ്ങൾ ഏറ്റെടുത്ത് മറ്റുള്ളവർക്കുവേണ്ടി ഇല്ലാതാകുന്നവർക്കുള്ള പ്രതിഫലമാണ് സ്വർഗ്ഗരാജ്യം. ഇതിനുവേണ്ട രണ്ടു ഘടകങ്ങളാണ് 'വിട്ടുകൊടുക്കലും' 'ചെറുതാകലും'. സ്വർഗ്ഗരാജ്യത്തിന്റെ മഹത്വം തേജസ്ക്കരണ ദിവസം മനസ്സിലാക്കിയ ശിഷ്യൻമാർ യേശുവിന്റെ വലത്തും ഇടത്തും ഇരിക്കുന്നതിനുള്ള ഇരിപ്പിടം പിടിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ ഇതു സ്വന്തമാക്കണമെങ്കിൽ വിട്ടുകൊടുക്കലിന്റെ മനോഭാവം ആവശ്യമാണെന്ന വലിയ സത്യം യേശുതമ്പുരാൻ നമുക്കു മനസ്സിലാക്കിത്തരുന്നു. ഇവരുടെ ആവശ്യങ്ങൾ മനസ്സിലാക്കിയ മറ്റു ശിഷ്യന്മാർക്ക് ഇവരോടു അസൂയ തോന്നുമ്പോൾ ചെറുതാകലിന്റെയും, ശുശ്രൂഷയുടെയും മഹത്വത്തെപ്പറ്റി അവിടുന്നു പഠിപ്പിക്കുന്നു.

യേശുവിനേയും അവിടുത്തെ പഠിപ്പിക്കലുകളും ശരിക്കും മനസ്സിലാകാത്ത ഒരു ശിഷ്യ സമൂഹത്തെയാണ് വി. മർക്കോസ് തന്റെ സുവിശേഷത്തിലൂടെ വരച്ചു കാട്ടുന്നത്. തന്റെ പീഢാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും ഒന്നാം പ്രവചനശേഷം (മർക്കോ 8:31-32) യേശുതമ്പുരാൻ ശിഷ്യന്മാരെ പഠിപ്പിക്കുന്നത് പരിത്യാഗത്തിന്റെയും എളിമപ്പെടലിന്റെയും മഹത്വത്തെപ്പറ്റിയാണ്. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മർക്കൊ 8:34). ഈ സത്യം മനസ്സിലാക്കാത്ത ശിഷ്യന്മാർ രണ്ടാം പ്രവചനത്തിനുശേഷം വലത്തും

ഇടത്തുമുള്ള ഇരിപ്പിടത്തെപ്പറ്റി ആകുലരാവുകയാണ്. "കർത്താവാണ് നിങ്ങളുടെ ഓഹരി" (നിയമ 18:2) എന്ന ദൈവവചനം മനസ്സിലാക്കാത്ത ശിഷ്യന്മാർ. കൂടെയുള്ളവന്റെ മരണവെപ്രാളത്തേക്കാൾ അവരെ ആകുലരാക്കുന്നത് അവരുടെ സ്ഥാനമാനങ്ങളാണ്. കൂടെ നടക്കുന്ന വന്റെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കുന്നതിനോ, സമാശ്വാസമേകുന്ന ഒരു വാക്കു പറയുന്നതിനോ പകരം തങ്ങളുടെ ഒരു ലോകം സൃഷ്ടിച്ച് അതിലായിരിക്കുവാൻ ശ്രമിക്കുന്ന ഒരു കൂട്ടം മനുഷ്യരെ ഇവിടെ ചിത്രീകരിക്കുന്നു. അപകടത്തിലായിരിക്കുന്നവന്റെ പണവും വസ്തു ക്കളും കവർന്നെടുക്കുന്ന വ്യക്തികളും, ആപത്തിൽ സഹായ ഹസ്തം നീട്ടിക്കൊടുക്കുന്നതിനുപകരം അത് മൊബൈലിൽ പകർത്തുവാൻ വ്യഗ്രതകൂട്ടുന്നവരും വർധിച്ചുവരുന്ന ഈ സമൂഹത്തിൽ നന്മയുടെ ചെറുനാളം തെളിക്കാൻ യേശുതമ്പുരാൻ നമ്മോടാവശ്യപ്പെടുകയാണ്.

ജീവിതത്തിലെന്തും കുറുക്കുവഴികളിലൂടെ നേടുന്ന മനുഷ്യരുടെ പ്രതിനിധിയായി എത്തുന്ന യാക്കോബിനോടും യോഹന്നാനോടും യേശുതമ്പുരാൻ പറയുന്നത് ത്യാഗമെന്ന ഒരേയൊരു കുറുക്കുവഴിയെ പ്പറ്റിയാണ്. ത്യാഗമെന്നത് ബുദ്ധിമുട്ടുള്ള കാര്യങ്ങൾ കഷ്ടപ്പെട്ട് നേടി യെടുക്കുന്ന ഒന്നല്ല. അങ്ങനെയെങ്കിൽ കള്ളന്മാരെപ്പോലെ ത്യാഗം ഏറ്റെടുക്കുന്നവർ ആരുണ്ട്? എന്നാൽ ത്യാഗമെന്നതുകൊണ്ട് യേശു ഇവിടെ അർത്ഥമാക്കുന്നത് തന്റെ നേട്ടത്തെക്കാൾ മറ്റുള്ളവരുടെ നന്മ യ്ക്കായുള്ള പരിശ്രമത്തെയാണ്. മറ്റുള്ളവരുടെ നന്മയ്ക്കായി ഒന്നു ചെറുതാകുന്ന ഒരു വലിയ ത്യാഗം. തന്റെ നന്മയെക്കാൾ മറ്റുള്ളവരുടെ നന്മയ്ക്കായി പരിശ്രമിക്കുമ്പോൾ അവിടെ സ്വർഗ്ഗരാജ്യം സംജാതമാ കുന്നു. ഇത്തരത്തിലുള്ള ത്യാഗം സ്വന്ത ജീവിതത്തിൽ ഏറ്റെടുക്കുമ്പോൾ നാം സ്വർഗ്ഗരാജ്യത്തിന് അവകാശികളായിത്തീരുന്നു. ഇങ്ങനെ ത്യാഗ ത്തിന്റെ, ഉപേക്ഷിക്കലിന്റെ, ചെറുതാകലിന്റെ പാത നാം ഏറ്റെടുക്കു മ്പോൾ അപരന്റെ ഉയർച്ചയിൽ അസൂയയല്ല മറിച്ച് അഭിമാനമാണ് തോന്നുന്നത്.

സ്വയം ചെറുതാകലിന്റെ, ശൂന്യവൽക്കരണത്തിന്റെ ജീവിത മാണ് അവിടുന്ന് നമ്മിൽനിന്ന് ആവശ്യപ്പെടുന്നതും. "തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യ

ത്തിലായിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ; അതെ കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി'' (ഫിലി 2:7). ഇതിലൂടെ നേതാവിന് ഒരു പുതിയ മുഖം നൽകുകയാണ് യേശുനാഥൻ. നേതാവ് ഒരു ശുശ്രൂഷകനായിരിക്കണം. ഇതാണ് യേശു നാഥന്റെ ചെറുതാകലിന്റെ വലിയ ത്യാഗം. ഈ ശുശ്രൂഷയുടെ മുഖം ശിഷ്യർക്കു മനസ്സിലാക്കിക്കൊടുക്കുകയാണ് അന്ത്യ അത്താഴ സമയത്തെ കാൽകഴുകൽ ശുശ്രൂഷയിലൂടെ. ശുശ്രൂഷിക്കപ്പെടാനുള്ള ലോകത്തിന്റെ പ്രവണതയ്ക്കുള്ള അവിടുത്തെ താക്കീതാണിത്. ക്രിസ്തീയ ജീവിതം ശുശ്രൂഷിക്കുന്നതിനുള്ള വിളിയാണ് എന്ന ഒരു ഓർമ്മപ്പെടുത്തലാണിത്.

## ആത്മശോധന

1. മറ്റുള്ളവരുടെ ബുദ്ധിമുട്ടിലും ഞാൻ എന്റെ സുരക്ഷിതത്വമാണോ അന്വേഷിക്കുന്നത്? കൂടെനടക്കുന്നവനെ മനസ്സിലാക്കുന്നതിന്-അത് ഭാര്യയാകാം മക്കളാകാം ഭർത്താവാകാം കൂടെയുള്ള സഹോദരങ്ങളാകാം-അവരുടെ വേദനയിൽ ഒരു ആശ്വാസമാകുന്നതിന് എനിക്കു കഴിയുന്നുണ്ടോ?

2. സ്വർഗ്ഗരാജ്യം അവകാശമാക്കുന്നതിനുള്ള ത്യാഗം ഏറ്റെടുക്കുന്നതിന് ഞാൻ ഒരുക്കമാണോ? മറ്റുള്ളവർക്കുവേണ്ടി ഒന്നു ചെറുതാകാൻ-അത് കുടുംബത്തിലാകം, ജോലിസ്ഥലത്താകാം-താൻ ആയിരിക്കുന്ന ഇടങ്ങളിലൊക്കെ ഒന്നു ചെറുതാകാൻ എനിക്കു കഴിയുന്നുണ്ടോ? മറ്റുള്ളവരുടെ ഉയർച്ചയിൽ ആത്മാർത്ഥമായി സന്തോഷിക്കാൻ, അവരെ അഭിനന്ദിക്കാൻ എനിക്കു കഴിയുന്നുണ്ടോ?

3. മറ്റുള്ളവരുടെ നന്മയ്ക്കായി പരിശ്രമിക്കുന്ന ഒരു യഥാർത്ഥ നേതാവാകൻ എനിക്കു കഴിയുന്നുണ്ടോ? ഞാനെന്ന ഭാവത്തെ ഉപേക്ഷിച്ച് മറ്റുള്ളവരെക്കൂടെ ഉൾക്കൊള്ളുന്ന ഒരു വലിയ ലോകം സൃഷ്ടിക്കുന്നതിന് എനിക്കു കഴിയുന്നുണ്ടോ? അതിന് എപ്പോഴെങ്കിലും ഞാൻ പരിശ്രമിച്ചിട്ടുണ്ടോ?

## സെപ്തംബർ 9 : തേജസ്കരണത്തിനുശേഷം 5-ാം ഞായർ

ഫാ: ഗീവർഗീസ് തിരുവാലിൽ ഒ.ഐ.സി.

ലൂക്കാ. 18:1-8; നിയമ 9: 25-29; 1 സാമു 12:16-25; ഏശയ്യ 40: 1-11;
യാക്കോ 1: 2-8; ഏബ്രാ: 13;1-6; ലൂക്കാ 18: 18-30

തേജസ്കരണത്തിന് ശേഷം അഞ്ചാം ഞായറാഴ്ചയായ ഇന്ന് തിരുസഭാ മാതാവ് നമ്മുടെ വിചിന്തനത്തിന് തന്നിരിക്കുന്ന വിഷയം വി. ലൂക്കോസിന്റെ സുവിശേഷം 18-ാം അദ്ധ്യായം 18-30 വരെയുള്ള തിരുവചനമാണ്. നിത്യജീവൻ പ്രാപിക്കുന്നതിനുള്ള വഴിയും അതിനായി ശിഷ്യൻമാരെ ഒരുക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രതിപാദ്യ വിഷയം.

യഹൂദരുടെ ചിന്താഗതിയിൽ നിത്യജീവൻ പ്രാപിക്കുക എന്നു പറഞ്ഞാൽ കുറെയേറെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ചെയ്യുക എന്നതായിരുന്നു. പ്രമാണങ്ങളുടെയും കല്പനകളുടെയും പാലനം നിത്യതയിലേക്കുള്ള വഴിയായി ആ സമൂഹം ചിന്തിച്ചിരുന്നു.  ഇവിടെയാണ് യേശു അവരുടെ ചിന്താഗതികളെ മാറ്റി മറിക്കുന്നത്.  കല്പനകളുടെ പാലനം മാത്രമല്ല.  മറിച്ച് യേശുവിനെ പൂർണമായി അനുഗമിക്കുന്നതാണ് നിത്യജീവൻ പ്രാപിക്കുന്നത് എന്നു അവിടുന്നു അരുളിചെയ്യുന്നു.

### നിനക്ക് ഒരു കുറവുണ്ട്

എന്റെ മാതാവ്, പിതാവ്, മക്കൾ, ഭാര്യ, ധനം ഇവയെല്ലാം എന്റെ സമ്പത്തായി ഞാൻ കരുതുന്നു.  ഈ സമ്പത്ത് എപ്പോഴും സന്തോഷം പ്രദാനം ചെയ്യുമെന്ന് നാം പലപ്പോഴും വിചാരിക്കുന്നു.  ഇതിനെ കുറിച്ചുള്ള ഉത്കണ്ഠയിൽ നാം ദൈവത്തെപ്പോലും മറന്ന് പോകുന്നു.  ധനത്തോടുള്ള അമിതമായ ആഗ്രഹം മൂലം ജീവിത തിരക്കുകൾക്കിടയിൽ ഒരുമിച്ചിരുന്ന് ദൈവത്തെ സ്തുതിക്കാൻ കഴിയാതെ പോകുന്നു. ഇതു കുടുംബ ബന്ധത്തിന്റെ ഐക്യം നഷ്ടപ്പെടുത്തുന്നു.  അതുപോലെ തന്നെ മക്കളുടെ വിദ്യാഭ്യാസത്തെ കുറിച്ചുള്ള അമിത ഉത്കണ്ഠയിൽ പള്ളിയിൽ പോലും മക്കളെ അയയ്ക്കുവാൻ നാം പരിശ്രമിക്കാറില്ല.

ഇതുമൂലം വിശ്വാസവും ധാർമ്മികമൂല്യം നഷ്ടപ്പെട്ട മക്കളെ നമുക്ക് ലഭിക്കുന്നു. ഇതുകൊണ്ടാണ് ഇന്നത്തെ സുവിശേഷ ഭാഗത്തിൽ യേശു ക്രിസ്തു നമ്മളോട് പറയുന്നത്, ഒരുപാടു ധനം ഉള്ളതുകൊണ്ട് ധന വാൻ ദുഃഖിച്ചതുപോലെ, ഈ ധനമെല്ലാം നിന്റെ ദുഃഖത്തിനും നിത്യ ശിക്ഷയ്ക്കും കാരണമാകും എന്ന്. ദൈവത്തിന്റെ ദാനമായ സമ്പ ത്തിനെ എപ്രകാരം നീ ഉപയോഗിക്കുന്നു എന്നതിലാണ് നിന്റെ നിത്യ രക്ഷ അടങ്ങിയിരിക്കുന്നത്. ഇതിനു നമുക്ക് ദൈവാശ്രയബോധം വേണം. എന്റെ ജീവിതവും സമ്പത്തും സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപം കൂട്ടി വയ്ക്കാനുള്ള മാർഗ്ഗമായി കരുതണം. എന്റെ മാതാവ്, പിതാവ്, മക്കൾ, ഭാര്യ ഇവരെല്ലാം എന്നെ ദൈവവുമായിട്ട് അടുപ്പിക്കുന്നതി നുള്ള ധനമാകണം.

## നിന്റെ കുറവ് നിറവാക്കുക

"നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക അനന്തരം വന്ന് എന്നെ അനുഗമിക്കുക"

ഒരു യഥാർത്ഥ ശിക്ഷ്യനാകാനുള്ള വിളിയാണ് യേശു ഇവിടെ നമുക്ക് നല്കുന്നത്. ഈ ലോകത്തിലെ ഒരു സമ്പാദ്യവും ക്രിസ്തു ശിഷ്യന് പ്രതീക്ഷിക്കാനില്ല. ലോകത്തിലെ ഒരു ബന്ധവും അവന് ബന്ധനമാകരുത്. സ്വയം ശൂന്യവത്കരിച്ച് ക്രിസ്തുവിന്റെ കാല്പാടു കളെ പിൻതുടരുന്നവരായിരിക്കണം യഥാർത്ഥ ക്രിസ്തു ശിഷ്യൻ. അപ്പോൾ ക്രിസ്തു ഈ ലോകത്തിൽ മറ്റു മനുഷ്യരെ കണ്ടതുപോലെ കാണാൻ സാധിക്കും. യേശുക്രിസ്തു ഈ ലോകത്തിൽ മാതാപിതാ ക്കളെയും മക്കളേയും ഭാര്യമാരെയും കണ്ടു. അവരുടെ വേദനകളെ അവൻ ഏറ്റെടുക്കുയും, അവർക്കു സാന്ത്വനം നല്കുകയും ചെയ്തു. ക്രിസ്തു ശിഷ്യന് ഈ ലോകത്തിൽ നിന്നു ലഭിക്കുന്നത്, ഇപ്രകാര മുള്ള അവസ്ഥയിലായിരിക്കുന്നവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളു മാണ് ഈ നൂറു മടങ്ങ്. ഇവിടെ ക്രിസ്തു ശിഷ്യനെ നയിക്കുന്നത് പീഡന ങ്ങളുടെയും സഹനങ്ങളുടെയുമായ കുരിശു മരണത്തിലേക്കാണ്. ഇവിടെ യേശുവാണ് നമ്മുടെ മുൻപിൽ നില്ക്കുന്നത്. മോഹങ്ങളോ അധികാര ഗർവ്വോ ഒന്നും ഇവിടെയില്ല. മറിച്ച് സ്വയം ശൂന്യവത്ക

രണം മാത്രമേ ഉള്ളൂ. ഇതിനുള്ള വരുംകാലത്തെ പ്രതിഫലം അവിടുന്ന് നമുക്ക് നല്കുന്നത് നിത്യജീവനാണ്.

പ്രിയസഹോദരങ്ങളെ, ഈ നിത്യജീവനിലേക്കാണ് നാം ഏവരും വിളിക്കപ്പെട്ടിരിക്കുന്നത്. പലപ്പോഴും നമ്മുടെ ധനങ്ങളും, ആഗ്രഹങ്ങളും, ഉത്കണ്ഠകളുമെല്ലാം നമ്മുടെ നിത്യജീവിതത്തിന് തടസ്സമായി മാറിയേക്കാം. ഈ തടസ്സങ്ങളെ നമുക്ക് മാറ്റാം. ഒരു യഥാർത്ഥ ക്രിസ്തുശിഷ്യനായി നമുക്ക് നമ്മുടെ ജീവിതത്തെ തന്നെ ക്രമപ്പെടുത്താം. അപ്പോൾ വി. പൗലൊസ്ശ്ലീഹാ പറഞ്ഞതുപോലെ "ഇനിമേൽ ഞാൻ അല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു പറയുവാൻ നമുക്കും സാധിക്കും.

## സെപ്തംബർ 16 : സ്ലീബാ പെരുന്നാളിനുശേഷം 1-ാം ഞായർ

**ബ്രദർ പോൾ നവീൻ ഒ.ഐ.സി.**

ലൂക്കാ 17:20-37; ഉൽ 45:4-15; പ്രഭാ 15:11-20; ഏശയ 57:14-21;
1 യോഹ 5:1-5; 1 കോറി 10:1-13; മർക്കോ 13:24-31

ലോകമായകളിൽപ്പെട്ട് വ്യഗ്രചിത്തരായി ജീവിക്കുന്ന മനുഷ്യരുടെ കാലഘട്ടമാണിത്. ദുര മൂത്ത് എന്തൊക്കെയോ വാരിക്കൂട്ടാനുള്ള മരണപ്പാച്ചിൽ ഈ കാലഘട്ടത്തിന്റെ മുഖമുദ്രയായിരിക്കുന്നു. സ്വന്തം ജീവിതത്തെ ഒന്നു വിലയിരുത്തുന്നതിനോ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനോ ഒന്നു ശാന്തമായി ഇരിക്കുന്നതിനോ ആർക്കും സമയമില്ല. ലോകത്തെ സ്വന്തം കാൽക്കീഴിലാക്കാനുള്ള ഈ പരാക്രമത്തിന്റെ ഫലം നിരാശയും ദുഃഖവും പരാജയവും മാത്രമാണ്. ഇവിടെയാണ് ക്രിസ്തുവിന്റെ വാക്കുകളുടെ പ്രസക്തി. "ആകാശവും ഭൂമിയും കടന്നുപോകും, എന്നാൽ എന്റെ വചനങ്ങൾ കടുന്നുപോവുകയില്ല" (മർക്കോ 13:31). യേശുവിൽ വിശ്വസിച്ച് അവിടുത്തെ വചനങ്ങൾ അനുസരിച്ച് ജീവിക്കുന്നവർ ലോകത്തെ ജയിച്ച് നിത്യജീവൻ നേടുന്നു.

എന്താണ് വചനം? യോഹന്നാൻ പറയുന്നു "വചനം ദൈവമായിരുന്നു" (യോഹ 1:1). ഈ "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം" (യോഹ 1:14). ഈ വചനമായ യേശുവിനെയാണ് നാം അനുഗമിക്കേണ്ടത്. യേശുവിന്റെ വഴി കുരിശിന്റെ വഴിയാണ്. സ്ലീബാ കാലത്തിലൂടെ നാം സഞ്ചരിക്കുമ്പോൾ കുരിശിന്റെ വഴിയിലൂടെയുള്ള യാത്രയാണ് നമ്മുടെ ജീവിതമെന്ന് തിരുസഭ നമ്മെ ഓർമ്മിപ്പിക്കുന്നു. കുരിശിന്റെ വഴി ത്യാഗത്തിന്റെ വഴിയാണ്. ദൈവഹിതത്തിന് പൂർണ്ണമായി കീഴ്വഴങ്ങി ധീരതയോടെ യുദ്ധം ചെയ്ത് പാപത്തേയും മരണത്തേയും ലോകത്തേയും ജയിക്കുവാനുള്ള വഴിയാണത്. ഈ വഴിയിൽകൂടെ നടക്കണമെങ്കിൽ ദൈവസ്നേഹം നമ്മുടെ ഹൃദയത്തെ ജ്വലിപ്പിക്കണം. ദൈവത്തെ സ്നേഹിക്കുക എന്നാൽ അവിടുത്തെ കൽപനകൾ അനുസരിക്കുക എന്നാണ് അർത്ഥം. തന്റെ സ്ലീബായാൽ ക്രിസ്തു ലോകത്തെ ജയിച്ചത് അങ്ങനെയാണ് - സ്വന്തം ഹിതത്തേക്കാൾ പിതാവിന്റെ ഇഷ്ടം നിറവേറ്റിക്കൊണ്ട്.

അതുപോലെ നാമും ലോകത്തെ കീഴടക്കേണ്ടവരാണ്. 1 യോഹ 5:4 പറയുന്നു. ''ദൈവത്തിൽനിന്ന് ജനിച്ച ഏവനും ലോകത്തെ കീഴടക്കുന്നു.''

ലോകത്തെ കീഴടക്കുക ആയാസകരമായ, ത്യാഗങ്ങൾ ആവശ്യപ്പെടുന്ന കാര്യമാണ്. കാരണം കുരിശിന്റെ വഴി വിട്ട് നടക്കാൻ പ്രലോഭനങ്ങൾ ഏറെ നമ്മുടെ മുമ്പിലുണ്ട്. 1 കോറി 10:12 ൽ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ''നിൽക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതെ സൂക്ഷിച്ചുക്കൊള്ളട്ടെ''. വിശ്വസ്തനായ ദൈവത്തിൽ പ്രത്യാശ യർപ്പിക്കുമ്പോൾ പ്രലോഭനങ്ങളെ നേരിടുവാനുള്ള ശക്തി അവിടുന്നു നമുക്ക് തരും. (1 കോറി 10:13). ഇങ്ങനെ ദൈവകരങ്ങളെ മുറുകെപ്പിടിച്ച് തകർക്കാനെത്തിയ പ്രലോഭനങ്ങളെയെല്ലാം ധീരതയോടെ നേരിട്ട ഒരുപാടു ജീവിതങ്ങൾ നമ്മുടെ മാതൃകയായിട്ടുണ്ട് - പരിശുദ്ധ കന്യകാ മറിയം, ഫ്രാൻസിസ് അസ്സീസി, മദർ തെരേസ, മാർ ഈവാനിയോസ്. ഇവരൊക്കെയും എന്തു വിലകൊടുത്തും യേശുവിനോടൊപ്പം നിലകൊണ്ടവരായിരുന്നു, യേശുവിനുവേണ്ടി ജീവിച്ചവരായിരുന്നു. അതുകൊണ്ടാണ് ഇവർക്ക് 'ലോകത്തെ' കീഴ്പ്പെടുത്താൻ സാധിച്ചത്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിലുള്ള ആഴമായ വിശ്വാസം അവർക്ക് ആത്മധൈര്യം നൽകി. ഈ ആത്മധൈര്യം വഴി തങ്ങളുടെ വിശ്വാസത്തെ നീതീകരിക്കുന്ന പ്രവൃത്തികളിലൂടെ അവർ 'ലോകത്തെ' കീഴടക്കി.

ഇന്നത്തെ സുവിശേഷം നമുക്കു നൽകുന്ന മറ്റൊരുസന്ദേശം കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുവാൻ കഴിവുള്ളവരായിരിക്കണം എന്നതാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കാതെ ലോകത്തെ ജയിക്കാനാവില്ല. ഇന്നത്തെ വേദഭാഗത്തിൽ യേശു നൽകുന്ന അടയാളങ്ങൾ ജറുസലേം ദേവാലയം നശിപ്പിക്കപ്പെടുമെന്നതിന്റെ സൂചനയായിട്ടാണ് മനസ്സിലാക്കേണ്ടത്. ആദിമ സഭ ക്രിസ്തുവിന്റെ രണ്ടാം വരവ് ഉടനെയുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. അവന്റെ ആഗമനത്തിന്റെ മുന്നറിയിപ്പുകളാണ് ഈ അടയാളങ്ങൾ. അവ വായിച്ചു ജാഗരൂകതയോടെ ഇരിക്കുവാൻ സുവിശേഷകൻ ആഹ്വാനം ചെയ്യുന്നു.

ഇന്നു നമ്മുടെ കാലഘട്ടത്തിലും ഇതുപോലുള്ള അടയാളങ്ങൾ നമുക്കു ലഭിക്കുന്നുണ്ട്. പ്രകൃതിയിലുണ്ടാകുന്ന വ്യതിയാനങ്ങൾ -

ആഗോള താപനവും ഭൂകമ്പങ്ങളും വരൾച്ചയും നമുക്കുള്ള സൂചനകളാണ്; പ്രകൃതിയുമായുള്ള നമ്മുടെ ബന്ധത്തിൽ വിള്ളൽ വീഴുന്നതിന്റെ സൂചനകൾ. നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും ചില അടയാളങ്ങൾ നമുക്കു ലഭിക്കാറുണ്ട്. നേർവഴി വിടുമ്പോൾ ചൂണ്ടുപലകകളായി നമ്മുടെ ജീവിതത്തിൽ പലർ കടന്നുവരും - ചില നേരം ശാസനകളായി, ചിലപ്പോൾ വിമർശനങ്ങളായി, തിരുത്തലുകളായി, ശിക്ഷകളായി ഒക്കെ പലരിലൂടെ ദൈവം നമുക്കു മുന്നറിയിപ്പുകൾ തരുന്നു. അവ ദൈവത്തിൽനിന്നും വരുന്നതായി തിരിച്ചറിയാനും അതനുസരിച്ച് ജീവിതം ക്രമീകരിക്കുവാനും സാധിച്ചാൽ മാത്രമേ ലോകത്തെ ജയിക്കുവാൻ നമുക്കു കഴിയു.

അതുകൊണ്ട് സുവിശേഷകൻ ഓർമ്മിപ്പിക്കും പോലെ കാലത്തിന്റെ ചുവരെഴുത്തുകളെ വായിച്ചുകൊണ്ട് വരാനിരിക്കുന്ന പ്രലോഭനങ്ങളെ ദൈവത്തോടു ചേർന്നു നിന്നുകൊണ്ട് അതിജീവിക്കുവാൻ നമുക്കു പരിശ്രമിക്കാം. കുരിശിന്റെ വഴിയിലൂടെ നടന്ന് ഈ സ്ലീബാ കാലത്തിൽ ലോകത്തെ ജയിച്ചവരായി നമുക്കു മാറാം.

## സെപ്തംബർ 23 : സ്ലീബായ്ക്കുശേഷം 2-ാം ഞായർ

ബ്രദർ ജോൺ പുളിക്കൽ ഒ.ഐ.സി.

ലൂക്കാ 10:2537; നിയമ 6:115; സുഭാ 3:2535; ഏശ 48:1216; യാക്കോ 2:1826; റോമ 15:16; ലൂക്ക 16:1931

വിജാതീയർക്കും രക്ഷയുണ്ടെന്ന് വി. ലൂക്കോസിന്റെ സുവിശേഷം പഠിപ്പിക്കുന്നു. ഒപ്പം അടിച്ചമർത്തപ്പെട്ടവർക്കും അവഗണിക്കപ്പെട്ടവർക്കും വേദന അനുഭവിക്കുന്നവർക്കും രക്ഷയും വിടുതലും ആശ്വാസവുമുണ്ടെന്നുള്ള പ്രത്യാശയും ലൂക്കോസിന്റെ സുവിശേഷം നൽകുന്നുണ്ട്. അഗതികളേയും രോഗികളേയും അവഗണിക്കുന്ന അന്നത്തെ സാമൂഹികവീക്ഷണങ്ങൾക്കെതിരേയും ചുറ്റുപാടുകൾക്കെതിരേയുമുള്ള ക്രിസ്തുവിന്റെ വിപ്ലവാത്മകമായ പഠിപ്പിക്കലിൽ ഒന്നാണ് ധനവാന്റേയും ലാസറിന്റെയും ഉപമ.

ജീവിതത്തിൽ ആർജ്ജിക്കേണ്ട നന്മകളെപ്പറ്റിയും വർജ്ജിക്കേണ്ട തിന്മകളെപ്പറ്റിയും നമ്മെ പഠിപ്പിക്കുന്ന രണ്ട് കഥാപാത്രങ്ങളാണ് ധനവാനും ലാസറും. രണ്ടുപേരുടേയും ജീവിതത്തിലൂടെ നമുക്കൊന്ന് ധ്യാനപൂർവ്വം കടന്നുപോകാം. ഒരുവൻ സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെടുന്നതും അപരൻ തിരസ്ക്കരിക്കപ്പെടുന്നതും എങ്ങനെയെന്ന് നമുക്കു കാണാം.

### ധനവാൻ

ജീവിതത്തിന്റെ മൃദുലമായ സാഹചര്യങ്ങളിലൂടെ കടന്നുപോയ വ്യക്തിയാണ് ഉപമയിലെ ധനവാൻ. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വ്സത്രം, പാർപ്പിടം എന്നിവ സമൃദ്ധമായി ഉണ്ടായിരുന്നയാൾ. അതിനപ്പുറത്ത് സമൂഹത്തിൽ ഉന്നത സ്ഥാനവും ബഹുമാനത്തിന്റെ പ്രൗഢിയും മോടിയും ജീവിതത്തിൽ കാത്തുസൂക്ഷിച്ചയാൾ. എന്നാൽ അപരന്റെ ജീവിത ദുഃഖത്തിൽ ഇറങ്ങിച്ചെല്ലാതെ അവരെ സ്വന്തം ജീവിതത്തിലേക്കു അടുപ്പിക്കാതെ അതിർത്തിയിട്ട് സൂക്ഷിച്ചയാൾ. അയാൾ നരകത്തിൽ പോകുന്നതായിട്ടാണ് നാം വായിക്കുക. അയാൾ ചെയ്ത തെറ്റ് എന്തെന്ന് പലപ്പോഴും നാം ചിന്തിച്ചേക്കാം. തന്റെ പടിവാതിൽക്കൽ കിടക്കുവാൻ ലാസറിനെ

അയാൾ അനുവദിച്ചിരുന്നു. നിലത്തുവീഴുന്ന അപ്പകഷ്ണം ഭക്ഷിക്കുവാൻ അയാൾ അനുവദിച്ചിരുന്നു. ലാസറിനെ ദ്രോഹിച്ചതായോ ആട്ടിയോടിക്കാൻ ശ്രമിച്ചതായോ നാം വായിക്കുന്നില്ല. അതിനാൽത്തന്നെ ഒരുപക്ഷേ മാനുഷിക കോടതിയിൽ അയാൾ കുറ്റവിമുക്തനായിരിക്കാം. എന്നാൽ ദൈവിക കോടതിക്കു മുമ്പിൽ അയാൾ വിധിക്കപ്പെടുകയാണ്. കാരണം ദൈവിക നീതി മാനുഷിക നീതിയെക്കാൾ വലുതാണ്. അത് കരുണയുടെ, കരുതലിന്റെ, സ്നേഹത്തിന്റെ പങ്കുവയ്ക്കലിന്റെ നീതിയാണ്. മാനുഷിക നീതിയുടെ അതിർത്തി വരമ്പുകൾ കീറിമുറിച്ച് അതിനപ്പുറത്തെ ദൈവിക നീതിയുടെ ലോകത്തിലേക്ക് കാലെടുത്തുവയ്ക്കുവാനാണ് ക്രിസ്തു നമ്മോടാവശ്യപ്പെടുക. അപ്പോൾ നമുക്കും അപരനു നന്മ ചെയ്യുവാൻ സാധിക്കും. വി. പൗലോസ് ശ്ലീഹാ റോമ 15:2 ൽ പറയുന്നു; "നാം ഓരോരുത്തരും അയൽക്കാരന്റെ നന്മയെ ഉദ്ദേശിച്ച് അവന്റെ ഉത്കർഷത്തിനായി അവനെ പ്രീതിപ്പെടുത്തണം". അപരന്റെ കുരിശിൽ താങ്ങായി അവന്റെ വേദനയിൽ പങ്കാളിയായി അവന്റെ കണ്ണുനീരിൽ കൂട്ടായി ജീവിക്കണമെന്നാണ് ഈ വചനം നമ്മോടാവശ്യപ്പെടുക. ധനവാനായ മനുഷ്യന്റെ ജീവിതത്തിൽ സംഭവിച്ച ദുരന്തവും അപചയവും ഇതായിരുന്നു. ലാസറിന്റെ വേദനയും ദുരിതവും കണ്ണുനീരും കാണുവാനുള്ള കാഴ്ച അയാൾക്ക് നഷ്ടപ്പെട്ടിരുന്നു. അയാളുടെ ജീവിതത്തിൽ സംഭവിച്ച മറ്റൊരു കുറവ് ലാസറിന്റെ ദുരിതം നിറഞ്ഞ ജീവിതം അയാളെ അൽപം പോലും സ്പർശിച്ചില്ല എന്നുള്ളതാണ്. ലാസറിന്റെ ദുരിതം പേറുന്ന ജീവിതവും മരണവും അയാൾക്ക് ഒരു സാധാരണ സംഭവമായിരുന്നു. അന്യന്റെ ജീവിതത്തിലെ ദുരിതം അടുത്തു നിന്നു കണ്ടിട്ട് സ്പർശിക്കാതിരിക്കാൻ മാത്രം അയാളുടെ ഹൃദയം കഠിനമായിരുന്നു.

പലപ്പോഴും നാം കേൾക്കുറുള്ള ഒരു വാക്യമുണ്ട്. "We are the instruments of God" (നാം ദൈവത്തിന്റെ ഉപകരണങ്ങളാണ്) ദൈവത്തിന്റെ സ്നേഹവും കരുണയും പരിപാലനയും കരുതലും മറ്റുള്ളവരിലേക്കു ഒഴുകുവാനുള്ള ചാലകമാണ് നാം. ധനികനായ മനുഷ്യനു പറ്റിയ മറ്റൊരു പിഴവ് ഇതാണ്. ദൈവകൃപ ലാസറിലേക്ക് പകർന്നു കൊടുക്കുവാനുള്ള എല്ലാ കാര്യങ്ങളും ദൈവം അയാൾക്കു സമൃദ്ധമായി നൽകിയിരുന്നു. എന്നാൽ അയാൾ അതിന് ഒരു വലിയ തടസ്സമായി മാറുകയാണ്. മറ്റുള്ളവരെ സഹായിക്കുവാൻ ദൈവം പലപ്പോഴും നമ്മെ

യും ഉപയോഗിക്കാറുണ്ട്. സുഭാ 3: 27 നമുക്കിവിടെ ചേർത്തു വായിക്കാം. "നിനക്കു ചെയ്യാൻ കഴിവുള്ള നന്മ അത് ലഭിക്കാൻ അവകാശമുള്ളവർക്ക് നിഷേധിക്കരുത്".

## ലാസർ

ഈ ഉപമയിലെ മറ്റൊരു പ്രധാന കഥാപാത്രമാണ് ദുരിതമനുഭവിക്കുന്ന ലാസർ. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിലൂടെ വേദനയുടെ വഴിത്താരയിലൂടെ കടന്നു പോയയാൾ. അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം വ്സത്രം, പാർപ്പിടം എന്നിവയെല്ലാം അങ്ങേയറ്റം നിഷേധിക്കപ്പെട്ടയാൾ. സംരക്ഷണത്തിന്റെയും പരിഗണനയുടെയും സഹാനുഭൂതിയുടെയും അതിർത്തിക്കു പുറത്ത് പട്ടിയോടൊപ്പം പരിഗണിക്കപ്പെട്ടയാൾ. ജീവിതത്തിൽ നന്മ ചെയ്യുവാനുള്ള സാഹചര്യങ്ങളോ സമ്പത്തോ അയാൾക്കില്ലായിരുന്നു. ലാസർ ജീവിതത്തിൽ എന്തെങ്കിലും നന്മ ചെയ്തതായിട്ട് നാം വായിച്ചു കേൾക്കുന്നില്ല. പിന്നെ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാനുള്ള ന്യായം എന്ത്? ഈ ചിന്ത പലപ്പോഴും നമ്മെ ആശയക്കുഴപ്പത്തിലേക്കു നയിക്കാം. ഇവിടെ നാം ഓർക്കേണ്ട ഒരു കാര്യമുണ്ട്. കുരിശിന്റെ വഴിയായിരുന്നു ലാസറിന്റേത്. കുരിശ് ഒരുവനെ സ്വർഗ്ഗത്തോടു ചേർത്തു നിർത്തുമെന്നും രക്ഷയുടെ കിരീടം അണിയിക്കുമെന്നും സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. കണ്ണീരിലൂടെ, ലോകത്തിന്റെ വേദനയിലൂടെ, അവഗണനയിലൂടെയുമൊക്കെ കടന്നുപോകുന്നവരോടൊപ്പം കൃപാലുവായ ഒരു ദൈവമുണ്ടെന്ന് സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. സ്ലീബാ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന നമുക്ക് സുവിശേഷം നൽകുന്ന ഒരു സന്ദേശം ഇതാണ്. കുരിശ് ഒരുവനെ സ്വർഗ്ഗത്തോടു ചേർത്തു നിർത്തുന്നു.

ലാസറിന്റെ ജീവിതത്തിലുണ്ടായ വലിയ ഒരു നന്മ എന്നത് തന്റെ ജീവിത ദുരിതങ്ങളെ ദുഃഖങ്ങളെ വിനയത്തോടും ക്ഷമയോടുംകൂടെ സ്വീകരിക്കാൻ സാധിച്ചു എന്നതാണ്. സുഭാഷിതങ്ങൾ 3:34-ൽ പറയുന്നുണ്ട് "അവിടുന്നു വിനീതരുടെ മേൽ കാരുണ്യം പൊഴിക്കുന്നു". ആ കാരുണ്യമാണ് ലാസറിന് സ്വർഗ്ഗം നേടിക്കൊടുക്കുന്നത്. ഇന്നത്തെ സുവിശേഷ ഭാഗത്ത് ലാസർ സംസാരിക്കുന്നതായിട്ടോ ദൈവത്തിനെതിരെ പിറുപിറുക്കുന്നതായിട്ടോ നാം കാണുന്നില്ല. എല്ലാം അയാൾ വിനയപൂർവ്വം മൗനമായി സഹിക്കുകയായിരുന്നു.

## ഉപസംഹാരം

സഭ സ്ലീബാകാലത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ വേളയിൽ ഈ സുവിശേഷ ഭാഗത്തിന് വളരെയേറെ പ്രസക്തിയുണ്ട്. സ്വന്തം സുരക്ഷിതത്വത്തിന്റെ ചുറ്റുമതിലുകൾക്കുള്ളിൽ ജീവിക്കുന്ന, വിഭവങ്ങളുടെ മടുപ്പിക്കുന്ന സമൃദ്ധിയിലൂടെ കടന്നുപോകുന്ന അഭിനവ ധനവാൻമാരോടും വേദനയനുഭവിക്കുന്ന കണ്ണുനീരിന്റെ പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളിലൂടെ കടന്നുപോകുന്ന ലാസറമാരോടുമാണ് ക്രിസ്തു ഈ ഉപമ പറയുന്നത്. അന്യന്റെ കുരിശിന്റെ യാത്രയിൽ അവന് സഹായത്തിന്റെ, പരിഗണനയുടെ ഒരു തോൾ നൽകുവാനും ഒപ്പം സഹനങ്ങൾ വിനയപൂർവ്വം ഏറ്റെടുക്കുവാനും ഈ ഉപമ നമ്മെ പ്രേരിപ്പിക്കുന്നു. ധനവാൻമാരും ദരിദ്രരും തമ്മിലുള്ള അകലം കൂടിവരുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ അതു കുറയ്ക്കുവാൻ പരിശ്രമിക്കേണ്ടവരാണ് ക്രിസ്ത്യാനികളായ നമ്മൾ. ദരിദ്രന് ഭക്ഷണം നൽകുന്നതോടൊപ്പം അവന് ആത്മീയിതയുടെ സുവിശേഷത്തിന്റെ ഭക്ഷണം നൽകുവാനും അവന്റെ കുറവുകളെ ബലഹീനതകളെ നികത്തുന്ന നന്മയുടെ വസ്ത്രമണിയിക്കുവാനും ഒപ്പം സംരക്ഷണ ത്തിന്റെ ഒരു പാർപ്പിടം നൽകുവാനും നാം കടപ്പെട്ടിരിക്കുന്നു. അപ്പോ ഴാണ് നാം യഥാർത്ഥ ക്രിസ്തു ശിഷ്യരും ശിഷ്യകളും ആയിത്തീരുന്നത്. ക്രിസ്തുവിലുള്ള വിശ്വാസം വാക്കുകളിൽ മാത്രം കുടുക്കിയിടേണ്ടതല്ല. മറിച്ച് അതിനനുസരണമായ പ്രവർത്തനവും ജീവിത പരിവർത്തനവും സുവിശേഷം നമ്മിൽനിന്നാവശ്യപ്പെടുന്നു. വി. യാക്കോ 2:24 നമുക്കി വിടെ അനുസ്മരിക്കാം "മനുഷ്യൻ വിശ്വാസംകൊണ്ടു മാത്രമല്ല പ്രവൃത്തികളാലുമാണ് നീതീകരിക്കപ്പെടുന്നതെന്ന് നിങ്ങൾ അറിയുന്നു". നമ്മുടെ വാക്കുകളും പ്രവർത്തനങ്ങളും നമ്മെ നീതീകരിക്കപ്പെട്ട വരാക്കി സ്വർഗ്ഗരാജ്യത്തിനു അവകാശികളാക്കിത്തീർക്കട്ടെ.

## സെപ്തംബർ 30 : സ്ലീബായ്ക്കുശേഷം 3-ാം ഞായർ

**ബ്രദർ സുമിത്ത് നിക്കോളാസ് ഒ.ഐ.സി.**

മത്താ 18:1520; ഉത്പ 13:113; പ്രഭാ 28:17; ജെറ 7:17; 2 പത്രോ 1:311; ഗലാ 6:19; മത്താ 18:2135

**"നിങ്ങൾ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല" (മത്താ 18:35)**

ആത്മവിശുദ്ധീകരണത്തിന്റെ സ്ലീബാകാലത്തിലൂടെ കടന്നു പോകുമ്പോൾ നമ്മുടെ ബന്ധങ്ങളെ നമുക്കു ഓർക്കാം. പ്രത്യേകിച്ചും ദൈവവുമായിട്ടും സഹോദരങ്ങളുമായിട്ടും ഈ പ്രകൃതിയുമായിട്ടുള്ള നമ്മുടെ ഇഴയടുപ്പം എപ്രകാരമാകണമെന്ന് ഇന്നത്തെ സുവിശേഷം - മത്താ 18:21-35 നമ്മെ ഓർമ്മപ്പെടുത്തുന്നു.

വി. മത്തായിയുടെ സുവിശേഷത്തിൽ ഗിരിപ്രഭാഷണത്തിൽ ആരംഭിച്ച് രണ്ടാം വരവിൽ അവസാനിക്കുന്ന അഞ്ച് പ്രഭാഷണങ്ങളിലെ നാലാമത്തേതാണ് മത്തായിയുടെ സുവിശേഷം 18:1-35 വാക്യങ്ങൾ. ദൈവരാജ്യം സമാഗതമാകുന്നതുവരെ ദൈവത്തിന്റെ സമൂഹം എങ്ങനെയായിരിക്കണമെന്ന് യേശു പഠിപ്പിക്കുന്നു. സഭാ മക്കൾ എപ്ര കാരം ജീവിക്കണമെന്ന് ഈ പ്രഭാഷണത്തിൽ യേശു ഉത്ബോ ധിപ്പിക്കുന്നു. അതിന്റെ അന്ത്യത്തിൽ യേശു നിർദ്ദയനായ ഭൃത്യന്റെ ഉപമ അവതരിപ്പിക്കുന്നു. ഇതാണ് ഇന്നത്തെ സുവിശേഷ ഭാഗം.

ഈ ഉപമ മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്നതാണ്. ക്ഷമയെക്കുറിച്ചുള്ള പത്രോസിന്റെ ചോദ്യമാണ് ഈ ഉപമയുടെ ഉത്ഭവകാരണം. 'അപ്പോൾ' (മത്താ 18:21) അതായത് 'അതിനുശേഷം' എന്ന സഹായകക്രിയകൊണ്ട് അർത്ഥമാക്കുന്നത്, 15 ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന കാര്യം (നിന്റെ സഹോദരൻ തെറ്റു ചെയ്താൽ) ഇപ്പോൾ പത്രോസിന്റെ ചോദ്യവും (എത്ര പ്രാവശ്യം ക്ഷമിക്കണം) ഈ ഭാഗവുമായി ബന്ധമുണ്ട് എന്നതാണ്. തന്റെ സഹോദരൻ തനിക്കെ തിരെ തെറ്റു ചെയ്താൽ എത്ര പ്രാവശ്യം അവനോട് കരുണയുടെ മനോഭാവം തുടരണമെന്നതാണ് പത്രോസിന്റെ മുമ്പിലുള്ള സംശയം. ഞാൻ ക്ഷമിക്കേണ്ടത് ഏഴു പ്രാവശ്യമാണോ? ഏഴ് എന്നത് പത്രോ

സിന്റെ സംഭാവനയാണ്. യഹൂദ പാരമ്പര്യമനുസരിച്ച് ഒരാളോട് ഒരു ദിവസം മൂന്നു പ്രാവശ്യം മാത്രം ക്ഷമിച്ചാൽ മതി എന്നതാണ്. ദൈവം പോലും ഒരു മനുഷ്യനോട് മൂന്നു തവണയേ ക്ഷമിക്കുകയുള്ളു എന്നും നാലാം തവണ അവനെ ശിക്ഷിക്കുമെന്നതാണ് അവരുടെ വിശ്വാസം. (ആമോസ് 1:3,6,9,11,13;2:1,4,6) അങ്ങനെയുള്ള പശ്ചാത്തലത്തിലാണ് പത്രോസിന്റെ ഏഴു തവണ എന്ന ചോദ്യം. യേശു പത്രോസിന്റെ ഈ ഉദാരതയെ പ്രശംസിക്കുമെന്നാണ് അവൻ കരുതിയത്. പത്രോസിന്റെ ചോദ്യത്തിന് ചുവടുപിടിച്ചുതന്നെയാണ് യേശു ഉത്തരം പറയുന്നതെങ്കിലും തന്റെ ശിഷ്യന്റെ ധാരണ തീർത്തും തിരുത്തുകയാണിവിടെ. യേശു പറയുന്നത് ഏഴ് എഴുപതു പ്രാവശ്യം എന്നതാണ്. അതായത് പരിധിയില്ലാതെ ക്ഷമിക്കണമെന്ന്. ഇത് കണക്കുകളുടെ കാര്യമല്ല മനസ്സിന്റെ അവസ്ഥയാണ്. ഈ ഉപമയുമായി യോജിച്ചു പോകുന്ന വാക്യം ലൂക്ക 17:4 ൽ കാണുന്നുണ്ട്. “ദിവസത്തിൽ ഏഴു പ്രാവശ്യം അവൻ നിനക്കെതിരെ പാപം ചെയ്യുകയും ഏഴു പ്രാവശ്യവും തിരിച്ചുവന്ന് ഞാൻ പശ്ചാത്തപിക്കുന്നു എന്നു പറയുകയും ചെയ്താൽ നീ അവനോടു ക്ഷമിക്കണം”. ഉത്പത്തിയുടെ പുസ്തകം 4:15 ൽ ഇപ്രകാരം പറയുന്നു “കർത്താവു പറഞ്ഞു, കായേനെ കൊല്ലുന്നവന്റെ മേൽ ഏഴിരട്ടിയായി ഞാൻ പ്രതികാരം ചെയ്യും”. 24 ാം വാക്യത്തിൽ കാണുന്നു “കായേന്റെ പ്രതികാരം ഏഴിരട്ടിയാണെങ്കിൽ ലമാക്കിന്റേത് ഏഴുപത് ഇരട്ടിയായിരിക്കും”. പഴയ നിയമത്തെ പൂർത്തിയാക്കുന്ന യേശു പ്രതികാരത്തിന്റെ എഴുപതിരട്ടിയെ ക്ഷമയുടെ എഴുപതിരട്ടിയാക്കി മാറ്റുന്നു. മത്താ 6:12; 14:15 ൽ കർത്തൃ പ്രാർത്ഥനയിൽ ക്ഷമയുടെ പാഠം പഠിപ്പിക്കുന്നുണ്ട്. എപ്പോഴും തന്റെ സഹോദരനോടു ക്ഷമിക്കണമെന്നുതന്നെയാണ് യേശു ആവശ്യപ്പെടുന്നത്. ഇതു മനസ്സിലാക്കിക്കൊടുക്കാനാണ് യേശു നിർദ്ദയനായ ഭൃത്യന്റെ ഉപമ പറയുന്നത്. പതിനായിരം താലന്തു കടപ്പെട്ടിരുന്ന ഒരു രാജ സേവകന് ഇത്രയും വലിയ തുക രാജാവ് ഇളച്ചു കൊടുക്കുകയാണ്. എന്നാൽ അവനു ലഭിച്ച കരുണയുടെ ഒരംശംപോലും അവൻ സഹഭൃത്യനോടു കാണിക്കുന്നില്ല. ഇതറിഞ്ഞ രാജാവ് അവനെ കഠിനമായി ശിക്ഷിക്കുന്നു.

ഈ ഉപമയിലെ മറ്റൊരു ശ്രദ്ധാ കേന്ദ്രമാണ് രണ്ടു സേവകരുടെയും കടങ്ങൾ തമ്മിലുള്ള വ്യത്യാസം. ആദ്യത്തെ സേവകൻ പതിനായിരം താലന്ത് കടപ്പെട്ടിരുന്നു. ഒരു താലന്ത് എന്നു വച്ചാൽ 240 പൗണ്ട്. അപ്പോൾ പതിനായിരം താലന്ത് ആകുമ്പോൾ ഒരു ഭീമമായ തുക തന്നെ

യായിരിക്കും. ഒരു പക്ഷേ ഈ സേവകൻ ഒരു ഉയർന്ന ഉദ്യോഗസ്ഥനോ രാജ പ്രതിനിധിയോ ഒരു പ്രവിശ്യാ ഗവർണറോ ആയിരിക്കാം. കാരണം യൂദാ പ്രവിശ്യയുടേയും സമറിയാ പ്രവിശ്യയുടേയും മൊത്തം വരുമാനം 600 താലന്തുകളേ ആകുന്നുള്ളു. ഇത്രയും വലിയ ഒരു കടം ഈ രാജസേവകന്റെ ജീവിതകാലം മുഴുവൻ പണി ചെയ്താലും വീട്ടുവാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള കടമാണ് രാജാവ് ഭൃത്യൻ കേണപേക്ഷിച്ചപ്പോൾ എഴുതിത്തള്ളുന്നത്. ഇനിയും സഹഭൃത്യന്റെ കടം പരിശോധിക്കാം. 100 ദനാറ ഏകദേശം 5 പൗണ്ട്. രാജസേവകന് ഇളച്ചു കൊടുത്ത സംഖ്യയുടെ ആയിരത്തിൽ ഒരംശംപോലുമില്ല. രാജ സേവകൻ അയാളുടെ കഴുത്തു പിടിച്ചു ഞെരിക്കുന്നു. തനിക്കു തരാനുള്ളത് തന്നു തീർക്കുവാൻ ആവശ്യപ്പെടുന്നു. സഹ സേവകന്റെ അഭ്യർത്ഥന രാജസേവകന്റെ ആ അഭ്യർത്ഥനയോട് തുല്യമായിരുന്നു. ഈ സേവകൻ മുമ്പു പറഞ്ഞതും ചെയ്തതുമെല്ലാം സഹസേവകനും ചെയ്യുന്നു. എന്നാൽ അയാൾ സഹസേവകനെ തടവിലാക്കുക എന്ന നിയമം നടപ്പിലാക്കി. രാജാവു കാണിച്ച അനുകമ്പ അയാൾ തന്റെ സഹസേവകനോടു കാണിക്കുന്നില്ല. അങ്ങനെ അയാൾ ശിക്ഷയ്ക്കർ ഹനാകുന്നു. രാജാവ് ക്ഷമിച്ച അതി ഭീമമായ തുക കാരുണ്യവാനായ ദൈവം മനുഷ്യരോടു ക്ഷിമിക്കുന്ന തെറ്റുകളും വീഴ്ചകളുമാണ്. നിർദ്ദയനായ ആ ഭൃത്യൻ സഹസേവകനോട് വാങ്ങിയ ആ തുച്ഛമായ തുക ഒരു മനുഷ്യൻ മറ്റൊരാൾക്കെതിരായി ചെയ്യുന്ന ലഘുവായ പാപങ്ങളും തെറ്റുകളുമാണ്. മറ്റുള്ളവർ നമ്മോടു ചെയ്യുന്ന ഒരു തെറ്റും നമ്മൾ ദൈവത്തിനെതിരായി ചെയ്യുന്നതത്രയോളം വരുന്നില്ല. അങ്ങനെയുള്ള ഭീമമായ തെറ്റുകൾ ദൈവം നമ്മോടു ക്ഷമിച്ചെങ്കിൽ നാമും മറ്റുള്ളവരോടു ക്ഷമിക്കുവാൻ കടപ്പെട്ടവരാണ്. നമ്മുടെ വലിയ ഒരു കടം തന്നെയാണ് ദൈവം എഴുതിത്തള്ളിയിരിക്കുന്നത്. നമ്മുടെ പാപങ്ങളെപ്രതി ദൈവത്തിന്റെ ഏകജാതൻ കൊല്ലപ്പെട്ടു. അങ്ങനെ യെങ്കിൽ ദൈവം നമ്മോടു ക്ഷമിച്ചതുപോലെ നാമും ക്ഷമിക്കണം. എങ്കിൽ മാത്രമേ ദൈവത്തിന്റെ കരുണ നാം പ്രതീക്ഷിക്കാവുള്ളു.

ഈ ഉപമ എല്ലാ പുതിയ നിയമ പ്രബോധനങ്ങളേയും ഉൾക്കൊ ള്ളുന്നു. ഒരുവൻ ക്ഷമിച്ചെങ്കിൽ മാത്രമേ അവനോട് ക്ഷമിക്കപ്പെടുകയുള്ളു. തന്റെ സഹോദരങ്ങളോടു ക്ഷമിക്കാത്ത പക്ഷം ദൈവത്തിൽനിന്നു ക്ഷമ പ്രതീക്ഷിക്കണ്ട. "കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും" (മത്താ 5:7) യേശു ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ

പഠിപ്പിക്കുമ്പോൾ പരസ്പരം ക്ഷമിക്കണമെന്നത് പ്രാർത്ഥനയുടെ ഒരു മാനദണ്ഡമായി അവതരിപ്പിക്കുന്നുണ്ട്. "മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കുകയില്ല" (മത്താ 6:14-15). ഇതു തന്നെയാണ് യാക്കോബ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നത്. "കാരുണ്യം കാണിക്കാത്തവന്റെ മേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും" (യാക്കോബ് 2:13). ദൈവത്തിന്റെ കാരുണ്യവും മനുഷ്യന്റെ കാരുണ്യവും രണ്ടു വ്യത്യസ്ഥ ധ്രുവങ്ങളല്ല, മറിച്ച് അവ ഒന്നിച്ചു പോകുന്നവയാണ്.

നാമറിയാത്ത സ്രോതസ്സുകളിൽനിന്ന് നമ്മിലേക്കൊഴുകുന്ന കരുണയാണ് ജീവിതം സുസാധ്യമാക്കിത്തീർക്കുന്നത് എന്നൊരു പാഠവും ഈ ഉപമയിലുണ്ട്. നമ്മോടു കരുണ കാട്ടുന്ന ഈ പ്രകൃതിയെ നാം മറക്കുന്നു. നാം അതിനെ നമ്മുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് നശിപ്പിക്കുന്നു. ഈ പ്രപഞ്ചവും അതിലെ സർവ്വചരാചരങ്ങളും നമ്മോടു കാട്ടുന്ന കാരുണ്യം നാം വിസ്മരിക്കുന്നു. മനുഷ്യന് സർവ്വവും നൽകുന്നത് ഈ പ്രകൃതിയാണ്. സഹജീവികളോടു ദയ കാണിക്കുന്നതുപോലെത്തന്നെ പ്രകൃതിയോടും കാരുണ്യം കാട്ടേണ്ടതുണ്ട്. സഹജീവികളോടു ദയ കാട്ടുന്നത് മനുഷ്യന്റെ ഔദാര്യമല്ല, കടമയാണ് എന്നു ഈ ഉപമ ഓർമ്മിപ്പിക്കുന്നു.

## വിചിന്തനം

സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കണമെന്നാണ് യേശു പറയുന്നത് (മത്താ 18:35). മറ്റുള്ളവരോടു ക്ഷമ യാചിക്കുകയും മറ്റുള്ളവർക്ക് ക്ഷമ കൊടുക്കുകയും ചെയ്യുക. സ്വർഗ്ഗരാജ്യത്തിന്റെ മക്കളാകുവാനുള്ള മാർഗ്ഗമാണിത്. ക്ഷമ ചോദിക്കുന്നതിന്റെ ആദ്യ പടി തെറ്റു സമ്മതിക്കുകയാണ്. സ്വർഗ്ഗരാജ്യത്തിന്റെ സ്വഭാവം ക്ഷമിക്കുകയെന്നതാണ്. അതുകൊണ്ട് നമ്മുടെ വിചാരത്തിലും വാക്കിലും പ്രവർത്തിയിലും ഈ സ്വർഗ്ഗരാജ്യത്തിന്റെ സ്വഭാവം നിത്യമായി നിലനിർത്താൻ നമുക്കു പരിശ്രമിക്കാം. അതുവഴി നാം ആയിരിക്കുന്നിടത്ത് നമുക്കു സ്വർഗ്ഗം പണിയാം.